(ഡി) പടിപടിയായി മദ്യ നിരോധനം ഏർപ്പെടുത്തുമെന്ന് യു.ഡി.എഫ്. മാനിഫെസ്റ്റോയ്ക്ക് അനുസൃതമായാണോ സർക്കാരിന്റെ മദ്യനയവും മദ്യരംഗത്തെ നടപടികളും രൂപപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) 2003-04 വർഷത്തേയ്ക്ക് ബീവറേജസ് കോർപ്പറേഷൻ വഴി 70 മദ്യ വിതരണക്കാരുമായി കരാറുണ്ടാക്കിയിട്ടുണ്ട് അവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) 2001-02 വർഷത്തെ അപേക്ഷിച്ച് 2002-03 10.16 ലക്ഷം കെയ്സ് മദ്യം കൂടുതലായി വാങ്ങിയിട്ടുണ്ട്.

(ഡി) ഘട്ടംഘട്ടമായി മദ്യ നിരോധനം നടപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് മദ്യനയവും മറ്റ് നടപടികളും രൂപപ്പെടുത്തിയിട്ടുള്ളത്.

സംസ്ഥാനത്തെ എക്സൈസ് റേഞ്ചുകൾ

36 (2484) ശ്രീ. മഞ്ഞാളംകുഴി അലി : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ആകെ എത്ര എക്സൈസ് റെയിഞ്ചുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് ആകെ 123 എക്സൈസ് റെയിഞ്ച് ആഫീസുകൾ ഉണ്ട്. 2-6-2003-ലെ സ.ഉ. (സാ) 370/03/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരൂർ എക്സൈസ് റെയിഞ്ച് തിരൂർ, കുറ്റിപ്പുറം എക്സൈസ് റെയിഞ്ചുകളായി വിഭജിച്ചിട്ടുണ്ട്. വിഭജന പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ആകെ എക്സൈസ് റെയിഞ്ച് ആഫീസുകൾ 124 ആകുന്നതാണ്.

എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എടുത്ത കേസ്സുകൾ

37 (2485) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ കൈക്കൂലി വാങ്ങിയതിന്റെ പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസെടുത്തിട്ടുണ്ട് ; എത്ര രൂപ വീതമാണ് കൈക്കൂലി വാങ്ങിയത് ;

(ബി) ഇതിൽ എത്ര ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു ; നിലവിൽ എത്ര ഉദ്യോഗസ്ഥന്മാർ സസ്പെൻഷനിൽ കഴിയുന്നുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) പിടിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ജയിലിൽ കഴിയുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേരാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 16 (പതിനാറ്) പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ എക്സൈസ് ഡിവിഷൻ ഓഫീസുകളിലും, ആര്യങ്കാവ് ചെക്ക് പോസ്റ്റിലും നടത്തിയ വിജിലൻസ് പരിശോധനയിൽ ആകെ 1,85,420 (ഒരു ലക്ഷത്തി എൺപതിനായിരത്തി നാന്നൂറ്റി ഇരുപത് രൂപ മാത്രം) രൂപ കണ്ടെടുത്തിട്ടുണ്ട്. ഓരോരുത്തരും എത്ര രൂപ വീതം വാങ്ങിയിട്ടുണ്ട് എന്ന് വിവരം ലഭ്യമല്ല.

(ബി) 8 (എട്ട്) എക്സൈസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. 8 (എട്ട്) പേർ നിലവിൽ സസ്പെൻഷനിൽ കഴിയുന്നുണ്ട്.

(സി) ആരും ജയിലിൽ കഴിയുന്നില്ല.

എക്സൈസ് ഗാർഡുമാരുടെ നിലവിലുള്ള ഒഴിവുകൾ

38 (2480) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എക്സൈസ് ഗാർഡുമാരുടെ എത്ര തസ്തികകൾ ഒഴിവുണ്ട് ;

(ബി) ഈ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(സി) ഈ ലിസ്റ്റിൽ നിന്നും ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ഡി) നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 295

(ബി) ഉണ്ട്.

(സി) 1286

(ഡി) നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് ഗാർഡ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി

39 (2487) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ എക്സൈസ് ഗാർഡ് തസ്തികയിലേക്ക് പി.എസ്.സി. റാങ്കിലിസ്റ്റ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly